# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 240 — 25.04.2017 ൽ മറുപടിയ്ക്ക്

**സൈക്കോസോഷ്യൽ സർവ്വീസസ് കൗൺസിലർമാർക്ക് ആവശ്യമായ വിദ്യാഭ്യാസയോഗ്യത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |

എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ആവശ്യമായ വിദ്യാഭ്യാസയോഗ്യത എന്തെന്ന് അറിയിക്കാമോ ;

(എ) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വിദ്യാഭ്യാസയോഗ്യത എം.എസ്.ഡബ്ല്യൂ / എം.എ സൈക്കോളജി ആണ്.

(ബി) ഇവരുടെ വേതനം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ആരെല്ലാം നിവേദനങ്ങൾ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ :

(ബി) സ്കൂൾ കൗൺസിലർമാരുടെ വേതനം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ചുവടെ പറയുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

1. കണ്ണൂർ എം. പി.. ശ്രീമതി.പി.കെ.ശ്രീമതി മുഖാന്തിരം സമർപ്പിച്ച അപേക്ഷ
2. അഡ്വ.എം. സ്വരാജ് എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷ
3. ശ്രീ. റ്റി.വി.രാജേഷ് എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷ
4. കേരള സ്കൂൾ കൗൺസലേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനം
5. ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസലേഴ്സ് സമർപ്പിച്ച നിവേദനം
6. സ്കൂൾ കൗൺസലേഴ്സ് യൂണിയൻ, കണ്ണൂർ സമർപ്പിച്ച നിവേദനം
7. കൂടാതെ മറ്റ് ചില നിവേദനങ്ങളും ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിവേദനങ്ങളിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) | പ്രസ്തുത നിവേദനങ്ങൾ റിപ്പോർട്ടിനായി സാമൂഹ്യനീതി ഡയറക്ടർക്ക് കൈമാറുകയും സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. "സൈക്കോ സോഷ്യൽ സർവ്വീസ്സ് നടപ്പാക്കാൻ ഉദ്ദേശിച്ച മറ്റ് സ്കൂളുകളിൽക്കൂടി പദ്ധതി നടപ്പിലാക്കിയശേഷം ക്ലിനിക്കുകളുടെ പ്രവർത്തനം, കൗൺസിലർമാരായി നിയമിതരായവരുടെ യോഗ്യത എന്നിവ പരിശോധിച്ചശേഷം ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാമെന്ന" ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം സാമൂഹ്യനീതി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ലഭ്യമാക്കിയ ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | നിവേദനങ്ങൾ വകുപ്പിലേയ്ക്ക് അയച്ചുപോലും നൽകാതെ കെട്ടിവെച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നിവേദനങ്ങൾ ലഭിച്ച തീയതികൾ അറിയിക്കുമോ ; | (ഡി) | 27/11/2016, 22/11/16, 26/11/16, 30/11/16, 03/12/17, 17/02/17, 18/02/17 തുടങ്ങിയ തീയതികളിൽ ഇത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. |
| (ഇ) | സമയബന്ധിതമായി നിവേദനങ്ങളിൽ നടപടി സ്വീകരിക്കാത്തതിന് കാരണം എന്തെന്ന് അറിയിക്കുമോ ; | (ഇ) & എഫ് | 02/12/16-ൽ ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചിട്ടുണ്ട്. പഞ്ചദിന ചട്ടം പാലിച്ചിട്ടുണ്ട്. |
| (എഫ്) | ഇങ്ങനെ ലഭിച്ച നിവേദനങ്ങളിന്മേൽ നടപടി എടുക്കാത്തവരുടെ പേരും തസ്തികയും അറിയിക്കുമോ ; പഞ്ചദിന ചട്ടം പാലിക്കാതെ കാലതാമസം വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വിവരം അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ